# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 238 — 19.03.2015 ലെ മറുപടിക്ക്

### ഉത്തരവാദിത്ത വിനോദ സഞ്ചാര പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | ഉത്തരവാദിത്ത വിനോദ സഞ്ചാര പദ്ധതിയിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | ഉണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ തദ്ദേശീയരായ ജനവിഭാഗങ്ങൾക്ക് ടൂറിസം വ്യവസായത്തിൽ ഇടപെടാനും അവരുടെ ഉല്പന്നങ്ങൾ വിപണനം നടത്താനുമുള്ള സാഹചര്യം സൃഷ്ടിക്കാനും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും കല, സംസ്കാരം, പരമ്പരാഗത തൊഴിൽ എന്നിവയുടെ സംരക്ഷണം, പുനരുദ്ധാരണ പ്രവർത്തനങ്ങൾ ടൂറിസത്തിലൂടെ സാധ്യമാക്കുന്നതിനും, സ്ത്രീ ശാക്തീകരണം, ദാരിദ്ര ലഘൂകരണം, ഗ്രാമീണ വികസനം എന്നിവയ്ക്കുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുന്നതിനും ഈ പദ്ധതി വഴി സാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. |
| ബി) | നിലവിൽ ഏതൊക്കെ പ്രധാന വിനോദ സഞ്ചാര മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ (വയനാട്), ബേക്കൽ, കോവളം, കുമ്പളങ്ങി എന്നിവിടങ്ങളാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്ന കേന്ദ്രങ്ങൾ. |
| സി) | കൂടുതൽ വിനോദസഞ്ചാര മേഖലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) | ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയുടെ ഭാഗമായി 50 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളേയും 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പേരിൽ ഈ പദ്ധതിയുടെ വിപുലീകരണത്തിനായി 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ